# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **23** | **2022** |



## ശബരിമല പത്രക്കുറിപ്പ്– 3


ഫോൺ : 04735- 202664

sabarimal.kerala..gov.in, prdsabarimala2022@gmail.com


---

## ശബരീശ സന്നിധിയെ ഭക്തിസാന്ദ്രമാക്കി പോലീസിന്റെ ഗാനാർച്ചന

ശബരിമല സന്നിധാനം ഡ്യൂട്ടിയിലുള്ള കേരള പോലീസിന്റെ ആദ്യ ബാച്ച് ഉദ്യോഗസ്ഥർ സന്നിധാനം മണ്ഡപത്തിൽ നടത്തിയ ഭക്തിഗാന അർച്ചന ശബരിമലയെ ഭക്തിസാന്ദ്രമാക്കി. സന്നിധാനം എ.എസ്.ഒ ( അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ ) ബി. വിനോദ് ഭക്തിഗാന അർച്ചന ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. പോലീസ് ടെലികമ്യൂണിക്കേഷൻ വിഭാഗത്തിലെ എസ്.ഐ. സൈബു കുമാറിന്റെ നേതൃത്വത്തിൽ ആറ് പേരടങ്ങുന്ന പോലീസ് സംഘമാണ് ഭക്തിഗാനങ്ങൾ ആലപിച്ചത്. ശബരിമല സന്നിധാനത്ത് വർഷങ്ങളായി പോലീസ് ഉദ്യോഗസ്ഥർ ഭക്തിഗാന അർച്ചന നടത്തിവരുന്നു.

(പി.ആർ. ശബരി- 75)


